## ചൂരൽ, മുള വ്യവസായ മേഖല

ജി. ഒ. (എംഎസ്.) നമ്പർ 114/2011/തൊഴിൽ. *തിരുവനന്തപുരം, 2011 ആഗസ്റ്റ് 9.*

**എസ്. ആർ. ഒ. നമ്പർ 515/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ചപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം അനുശാസിക്കുന്നപ്രകാരം, 2011 ഫെബ്രുവരി 4-ാം തീയതിയിലെ 267-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2011 ഫെബ്രുവരി 2-ാം തീയതിയിലെ 9313/ഇ1/2009/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പുപ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശകസമിതിയുടെ ഉപദേശവും പരിഗണിച്ചതിനുശേഷം, കേരള സർക്കാർ, കേരള സംസ്ഥാനത്തെ ''ചൂരൽ മുള വ്യവസായ'' മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലിനിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

### പട്ടിക

### I. ഈറ്റ തൊഴിലാളികൾ

1. *പീസ് റേറ്റ്*

| *ക്രമ നമ്പർ* | *വിഭാഗം/ജോലി* | | *വേതന നിരക്ക്* | *ഒരു ദിവസത്തെ അദ്ധ്വാനഭാരം* |
|---|---|---|---|---|
| (1) | (2) | | (3) | (4) |
| 1 | ഈറ്റ വെട്ടുന്നവർ | | ഒരു കെട്ടിന് 30 രൂപ | 6 കെട്ട് |
| 2 | ഈറ്റക്കെട്ടുകൾ വാഹനത്തിൽ കയറ്റുന്നതിന് | | ഒരു കെട്ടിന് 6 രൂപ | .. |
| 3 | പനമ്പ് നെയ്ത്ത് | | | |
| | (എ) | ഫെയ്സ് പനമ്പ് | ഒരു സ്ക്വയർ ഫൂട്ടിന് 2 രൂപ 50 പൈസ | 48 സ്ക്വയർ ഫീറ്റ് |
| | (ബി) | കോർ പനമ്പ് | ഒരു സ്ക്വയർ ഫൂട്ടിന് 2 രൂപ 02 പൈസ | 60 സ്ക്വയർ ഫീറ്റ് |
| | (സി) | കമേഴ്സ്യൽ പനമ്പ് | ഒരു സ്ക്വയർ ഫൂട്ടിന് 1 രൂപ 30 പൈസ | 96 സ്ക്വയർ ഫീറ്റ് |

2. *ദിവസവേതന നിരക്ക്*

| | *പ്രതിദിന വേതനം* |
|---|---|
| പീസ്റേറ്റ് വിഭാഗക്കാർ ഒഴികെയുള്ള ജനറൽ വർക്കർ | ₹ 120 |

**II. ചൂരൽ വിഭാഗം തൊഴിലാളികൾ**

| *ക്രമനമ്പർ* | *വിഭാഗം/ജോലി* | *പ്രതിദിന വേതന നിരക്ക്* |
|---|---|---|
| 1 | *സ്കിൽഡ് വിഭാഗം* | |
| (1) | ഫ്രെയിം വർക്കർ | ₹ 300 |
| (2) | മറ്റ് സ്കിൽഡ് ജോലിക്കാർ | ₹ 300 |
| (3) | പോളിഷർ | ₹ 300 |
| 2 | *അൺസ്കിൽഡ് വിഭാഗം* | |
| (1) | ചൂരൽ തയ്യാറാക്കലും മറ്റു പ്രാഥമിക ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർ | ₹ 225 |
| (2) | ഹെൽപ്പർ | ₹ 175 |
| (3) | ക്ലീനർ | ₹ 160 |

**3. ക്ഷാമബത്ത**

വാഹനത്തിൽ കെട്ട് കയറ്റുന്നവർ ഒഴികെയുള്ള പീസ് റേറ്റുകാർക്കും ദിവസ വേതനക്കാർക്കും സംസ്ഥാന സർക്കാരിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അതതു ജില്ലാ കേന്ദ്രങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന പുതിയ ഉപഭോക്തൃവില സൂചികയിൽ (1998-99=100) 130 പോയിന്റിന് മുകളിൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിദിനം 90 പൈസ (തൊണ്ണൂറ് പൈസ) നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

പീസ് റേറ്റ് വിഭാഗക്കാർക്ക് മുഴുവൻ ക്ഷാമബത്തയും അനുവദിക്കുന്നതിന് നിർദ്ദിഷ്ട അദ്ധ്വാനഭാരം പൂർത്തിയാക്കിയിരിക്കേണ്ടതും ഈ ആവശ്യത്തിലേക്കായി ഓരോ ആഴ്ചയിലേയും തൊഴിൽ ഉൽപ്പാദനം കണക്കാക്കേണ്ടതും പ്രതിദിനം ഒരു ക്ഷാമബത്ത എന്ന നിരക്കിൽ ആഴ്ചയിൽ പരമാവധി 6 ക്ഷാമബത്തയും നൽകേണ്ടതാണ്.

4. നിലവിൽ മറ്റേതെങ്കിലും ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന ജീവനക്കാരുടെ സംഗതിയിൽ ആയത് തുടർന്നും ലഭിക്കേണ്ടതാണ്.

5. മേൽ നിശ്ചയിച്ച വേതന നിരക്കിനെക്കാൾ ഉയർന്ന വേതനം തൊഴിലാളികൾക്ക് യഥാർത്ഥത്തിൽ ലഭിക്കുന്നിടത്ത് അപ്രകാരമുള്ള ഉയർന്ന വേതനം തുടർന്നും ലഭിക്കുവാൻ അർഹതയുണ്ട്.

6. ദിവസവേതനക്കാരുടെ പ്രതിമാസ വേതന നിരക്ക് ക്ഷാമബത്ത അടക്കമുള്ള പ്രതിദിന വേതനത്തെ 26 കൊണ്ട് ഗുണിച്ച് കണക്കാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അനിൽ, എക്സ്.,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാന "ചൂരൽ മുള വ്യവസായ" എന്ന വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്നപ്രകാരം 2011 ഫെബ്രുവരി 2-ാം തീയതിയിലെ 9313/ഇ1/2009/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും മിനിമം വേതന ഉപദേശകസമിതിയുടെ ഉപദേശവും പരിഗണിച്ചതിനുശേഷം പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ കൂലിനിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.